# 2019 മാർച്ച് 8 സാർവദേശീയ വനിതാദിനം

**സാർവദേശീയമായി തൊഴിലെടുക്കുന്ന വനിതകൾ തങ്ങളുടെ അവകാശങ്ങൾക്കായി ശബ്ദിക്കുക!**
**തുല്യ അവകാശത്തിനും ചൂഷണം അവസാനിപ്പിക്കുന്നതിനു വേണ്ടി പോരാടുന്ന ദിനം!**

# "തുല്യത, അന്തസ്, സുരക്ഷിതത്വം ഉറപ്പുവരുത്തുക"

**കൂലിയില്ലാതെ/ കുറഞ്ഞ വേതനത്തിന് വനിതകൾ തൊഴിലെടുക്കുന്നതിനെതിരെ!**
**സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമം അവസാനിപ്പിക്കുക!**
**തീരുമാനമെടുക്കുന്ന അധികാരകേന്ദ്രങ്ങളിൽ വനിതകൾക്കും പര്യാപ്തമായ പ്രാതിനിധ്യം ഉറപ്പുവരുത്തുക!**

**പ്രിയ സഖാക്കളെ,**

സാർവദേശീയ വനിതാദിനം കഴിഞ്ഞാലുടൻ രാജ്യം പാർലമെന്റ് തെരഞ്ഞെടുപ്പിലേക്ക് പോവുകയാണ്. വനിതാദിനം സമുചിതമായി ആചരിക്കാൻ സിഐടിയു തീരുമാനിച്ചിരിക്കുന്നു. സ്ത്രീകൾ പൊതുവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും വിശേഷിച്ച് തൊഴിലെടുക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ തെരഞ്ഞെടുപ്പിൽ ഉയർത്തിക്കൊണ്ടുവരുന്നതിന്റെ ഭാഗമായാണ് "തുല്യത, സുരക്ഷിതത്വം, അന്തസ്" എന്നീ വിഷയങ്ങൾ മുന്നോട്ട് വെയ്ക്കുന്നത്.

നൂറു വർഷങ്ങൾ പഴക്കമുള്ള മുദ്രാവാക്യങ്ങളായ എട്ട്മണിക്കൂർ ജോലി, തുല്യ ജോലിക്ക് തുല്യ വേതനം, വോട്ടവകാശം എന്നിവ സാർവദേശീയ വനിതാദിനത്തിന്റെ ഭാഗമായി തൊഴിലെടുക്കുന്ന വനിതകളുടെ ആവശ്യമായി മുന്നോട്ടു വയ്ക്കുന്നു. പോരാട്ടങ്ങളുടെ പാരമ്പര്യം ഉയർത്തിപിടിച്ച് തുല്യ അവകാശങ്ങൾക്കു വേണ്ടിയും ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനു വേണ്ടിയും പോരാടുമെന്ന് വനിതാദിനത്തിൽ പ്രതിജ്ഞ ചെയ്യാം.

കഴിഞ്ഞ കാലങ്ങളിലെ നമ്മുടെ പ്രക്ഷോഭങ്ങളിൽ ഉയർത്തിയ പ്രധാന ആവശ്യങ്ങൾ ഇവയായിരുന്നു.

- കൂലിയില്ലാതെയും കുറഞ്ഞ കൂലിയ്ക്കും തൊഴിലെടുക്കുന്നവരിൽ ഉൾപ്പെടുന്ന പരിചരണ മേഖലയിൽ തൊഴിലെടുക്കുന്ന സ്കീം തൊഴിലാളികൾക്ക് നിയമപരമായി ലഭിക്കേണ്ട മിനിമം കൂലിയും സാമൂഹിക സുരക്ഷയും നിഷേധിക്കുന്നത്
- സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ആക്രമണം പ്രത്യേകിച്ച് സ്ത്രീ തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ നേരിടേണ്ടി വരുന്ന ലൈംഗിക പീഡനങ്ങൾ
- തീരുമാനങ്ങൾ എടുക്കുന്ന സ്ഥാപനങ്ങളിൽ വനിതകൾക്ക് മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്തുക, നിയമസഭകളിലും, പാർലമെന്റിലും 33 ശതമാനം സംവരണം ഏർപ്പെടുത്തുക

അടുത്ത തെരഞ്ഞെടുപ്പിലെ വിഷയങ്ങളായി ഇവ ഉയർത്തിക്കൊണ്ടു വരുകയും ഇതിൻമേൽ പൊതുജനവികാരം രൂപപ്പെടുത്തിയെടുക്കുകയും വേണം.

കൂലിയില്ലാതെ ചെയ്യുന്ന തൊഴിലുകളെ അംഗീകരിക്കുകയും, ഔദ്യോഗികമാക്കുകയും ചെയ്യുക, വിശേഷിച്ച് വനിതകൾ ചെയ്യുന്ന പരിചരണ മേഖലയിലെ തൊഴിലുകൾ

അന്താരാഷ്ട തൊഴിൽ സംഘടന 2018 ൽ കൂലിയില്ലാതെ തൊഴിലെടുക്കുന്ന സ്ത്രീകളെ കുറിച്ച് വിശേഷിച്ച് പരിചരണ മേഖലയിൽ തൊഴിലെടുക്കുന്നവരെ കുറിച്ച് നടത്തിയ പഠനത്തിൽ വെളിവാകുന്നത് 10 ട്രില്യൻ (പതിനായിരം കോടി) ഡിളറിന്റെ വേതനമാണ് അവർക്ക് ലഭിക്കാതെ പോകുന്നത്, ലോകത്തെ വൻകിട കമ്പനിയായ 'ആപ്പിളിന്റെ' വാർഷിക വരുമാനത്തിന്റെ 43 മടങ്ങ്

വരും ഇതെന്ന് ഓക്സ്ഫാം നടത്തിയ പഠനത്തിൽ പറയുന്നു. ലോകത്തെ മൊത്തം വരുമാനത്തിന്റെ എട്ടിലൊന്ന് വരും ഇത്. ഇന്ത്യയുടെയും ബ്രസീലിന്റെയും ജപ്പാന്റെയും ആകെ ദേശീയ വരുമാനത്തേക്കാളും വലുതാണ് തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് ലഭിക്കാതെ പോകുന്ന വേതനം.

വീട്ടു ജോലിയും, പാചകത്തിനും വീടിന്റെയും കുട്ടികളുടെയും മുതിർന്നവരുടെ സംരക്ഷണത്തിനും വിറക് ശേഖരിക്കുന്നതിനും കുടിവെള്ളം കൊണ്ടു വരുന്നതിനും മണിക്കൂറുകളോളമാണ് സ്ത്രീകൾ തൊഴിലെടുക്കുന്നത്. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ കണക്ക് പ്രകാരം രാജ്യത്തിന്റെ ദേശീയ വരുമാനത്തിന്റെ 31 ശതമാനത്തിന് തുല്യമായ തുകയാണ് വീടിന്റെയും കുട്ടികളുടെയും സംരക്ഷണത്തിനായി വേതനമില്ലാതെ സ്ത്രീകൾ തൊഴിലെടുക്കുന്നത്. കാർഷിക- ഗ്രാമീണ മേഖലയിലെ സ്ത്രീകൾ കന്നുകാലി വളർത്തലിനും കൃഷിപണിക്കുമായി വേതനമില്ലാതെ നല്ലൊരു സമയം തൊഴിലെടുക്കുന്നു. കുടുംബത്തിലെ കുട്ടികളുടെയും മുതിർന്നവരുടെയും പരിചരണത്തിന്റെയും കുടിവെള്ളം സംഭരിക്കുന്നതിന്റെയും പാചകത്തിന് വിറക് ശേഖരിക്കുന്നതിന്റെയും ഉത്തരവാദിത്വം സ്ത്രീകൾക്കാണ്. വിവേചനപരമായി കൂടുതൽ ചുമതലകൾ നൽകുന്നത് അവരുടെ അധ്വാനത്തെ ചൂഷണം ചെയ്യുന്നതിനും വരുമാനവും വിദ്യാഭ്യാസം നേടുന്നതിനും തടസമായി നിൽക്കുന്നു. വരുമാന സമ്പാദനത്തിന് പോകുന്നതോടൊപ്പം വീട്ടിലെ മുഴുവൻ ജോലികളും സ്ത്രീകൾ നിർവഹിക്കേണ്ടി വരുന്നു വിശേഷിച്ച് ഗ്രാമീണ- കാർഷിക മേഖലകളിലെ കുടുംബങ്ങളിൽപെട്ട സ്ത്രീകളുടെ മാത്രം ഉത്തരവാദിത്വമായി ഇത് മാറുന്നു. വേതനമില്ലാതെ ഇത്തരം ജോലികൾക്കായി ഗ്രാമീണ മേഖലയിലെ സ്ത്രീകൾ 312 മിനിറ്റും നഗര മേഖലയിലെ സ്ത്രീകൾ 291 മിനിറ്റും ഒരു ദിവസം ചെലവിടുന്നു. ഇതിലുപരമായി തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് സേവന വേതന വ്യവസ്ഥകളിൽ ലഭിക്കേണ്ട തുല്യത ലഭിക്കുന്നില്ലെന്നു മാത്രമല്ല അവരുടെ തൊഴിൽ രംഗത്തെ വളർച്ചയെ തടസപ്പെടുത്തുകയും ചെയ്യുന്നു. ആഗോളതലത്തിൽ വേതനമില്ലാതെ തൊഴിലെടുക്കുന്ന 57 മില്യൻ വനിതകൾക്ക് പര്യാപ്തമായ അരോഗ്യപരിരക്ഷ നൽകാതെ അവരുടെ അധ്വാനത്തെ ചൂഷണം ചെയ്യുകയാണെന്ന് അടുത്ത കാലത്ത് നടന്ന ഒരു പഠനം തെളിയിക്കുന്നു. അമിത ജോലി ഭാരം മൂലം വലിയൊരു വിഭാഗം വനിതകൾക്ക് തൊഴിൽ തന്നെ ഉപേക്ഷിക്കേണ്ടി വരുന്നു. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ കണക്കുപ്രകാരം നമ്മുടെ രാജ്യത്തെ വനിതകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 20 ശതമാനത്തിൽ താഴെയാണ്.

ഇന്ത്യയിലെ ജനസംഖ്യയുടെ പകുതിയോളം വരുന്ന വലിയൊരു വിഭാഗം പരിചരണ മേഖലയിലെ വേതനമില്ലാതെ തൊഴിലെടുക്കുന്നവരാണ്. കുട്ടികളെ പരിചരിക്കുന്നവർ, പോഷകാഹാര വിതരണ രംഗം, ആരോഗ്യം, സ്കീം തൊഴിലാളികളായിട്ടുള്ള അംഗൻവാടി, ആശ, ഉച്ചഭക്ഷണം തുടങ്ങിയ രംഗത്ത് തൊഴിലെടുക്കുന്നവരെ തൊഴിലാളികളായി അംഗീകരിക്കുന്നില്ല. മിനിമം വേതനത്തിലും വളരെ കുറഞ്ഞൊരു തുക വേതനമായി നൽകുന്നു. ഈ പദ്ധതികൾ നടപ്പാകാനാവശ്യമായ സ്ഥാപന സംവിധാനങ്ങൾ ഉണ്ടാക്കി ആരോഗ്യപരിരക്ഷ രംഗത്തും കുട്ടികളുടെ പരിചരണരംഗത്തും തൊഴിലെടുക്കുന്ന അസംഘടിതരായ വലിയൊരു വിഭാഗം വനിതകൾക്ക് തൊഴിലവസരം നൽകുന്നതിനു പകരം ഈ പദ്ധതികൾ തന്നെ ഇല്ലാതാക്കാനാണ് ബിജെപി നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. ഈ പദ്ധതികൾക്കുള്ള സാമ്പത്തിക വിഹിതം ഘട്ടം ഘട്ടമായി ഇല്ലാതാക്കി അവയെ സ്വകാര്യവത്കരിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. അന്താരാഷ്ട്ര തൊഴിൽ സംഘനടയുടെ 4546 ശുപാർശകൾ നടപ്പാക്കണമെന്ന് ദീർഘകാലമായി ആവശ്യപ്പെടുകയാണ്. തൊഴിലാളികളായി അംഗീകരിക്കുക, മിനിമം കൂലിയും, പെൻഷനും ഇവർക്ക് നൽകണമെന്ന ആവശ്യം ഇടതുപക്ഷ പാർടികൾ ഒഴിച്ച് മറ്റൊരു മുഖ്യധാര രാഷ്ട്രീയ പാർടിയും ഉന്നയിക്കുന്നില്ല. തുല്യ ജോലിക്ക് തുല്യ മേവതനമെന്നത് മഹാഭൂരിപക്ഷം വരുന്ന സ്ത്രീ തൊഴിലാ

ളികളുടെ സ്വപ്നമായി ഇന്നും നിലകൊള്ളുന്നു. നിർമാണ മേഖല ഇതിന് ഒരു ഉദാഹരണമാണ്.

**സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമം**

സ്ത്രീകൾക്കു നേരെയുള്ള കൈയേറ്റം, ആസിഡ് ആക്രമണം, ബലാത്സംഗം, കൊലപാതകം തുടങ്ങിയ വാർത്തകൾ നിത്യവും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വരുന്നു. മൂന്നും നാലും വയസുള്ള പിഞ്ചു കുഞ്ഞുങ്ങൾ പോലും ബലാത്സംഗത്തിനും കൊലചെയ്യപ്പെടുന്നതിനും ഇരയാകുന്നു. ചില പ്രത്യേക സമുദായങ്ങളെ ശിക്ഷിക്കാനും പീഡിപ്പിക്കാനുമുള്ള ഉപാധിയായിട്ടാണ് സ്ത്രീകൾക്ക് നേരെയുള്ള അക്രമണവും ബലാത്സംഗവും നടത്തുന്നത്. ഇത് നമ്മുടെ രാജ്യത്ത് വിവധ സ്ഥലങ്ങളിൽ സാമുദായിക ലഹളകൾക്ക് വരെ കാരണമാകുന്നു. ന്യൂനപക്ഷ, ദളിത് സ്ത്രീകളാണ് ഇത്തരം വേട്ടയാടലുകൾക്ക് കൂടുതൽ വിധേയരാകുന്നത്.

സ്ത്രീകൾ എന്ത് ധരിക്കണം, ആരോട് സംസാരിക്കണം, എങ്ങോട്ട് എപ്പോൾ സഞ്ചരിക്കണമെന്നു വരെ നിയന്ത്രണങ്ങൾ ഏർപെടുത്തിയിരിക്കുന്നു. ചില പ്രദേശങ്ങളിൽ സ്ത്രീകൾക്ക് മൊബൈൽ ഫോൺ ഉപയോഗിക്കാൻ പോലും അനുവാദമില്ല. സ്ത്രീകൾക്ക് നേരെ അതിക്രമം നടത്തുന്ന കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ട് വന്ന് ശിക്ഷിക്കുന്നതിനു പകരം സ്ത്രീകൾക്ക് കൂടുതൽ നിയന്ത്രണം ഏർപ്പെടുത്തി അവരെ ശിക്ഷിക്കുന്നു. സ്ത്രീകൾക്ക് സ്വന്തം ജീവിത പങ്കാളിയെ തെരഞ്ഞെടുക്കാൻ അവകാശമില്ല. ഇതര മതത്തിൽ നിന്നോ, സമുദായത്തിൽ നിന്നോ ആണെങ്കിൽ തീരെയും അനുവദിക്കാറില്ല. സദാചാര പോലീസ്, ഖാപ്പ് പഞ്ചായത്ത് തുടങ്ങിയവ ഉപയോഗിച്ച് സ്ത്രീകൾക്കു നേരെ ആക്രമണം അഴിച്ചുവിടുകയും, അവരെ പീഡിപ്പിക്കുകയും സ്ത്രീകളെയും അവരുടെ പങ്കാളികളെയും കൊലപ്പെടുത്തുകയും ചെയ്യുന്നു.

'ബേഠി ബചാവോ, ബേഠി പഠാവോ' കുടുംബാസൂത്രണം, സ്ത്രീ ശാക്തീകരണം എന്നിവയെകുറിച്ച് പറയുന്നുണ്ടെങ്കിലും രാജ്യത്തെ സ്ത്രീകളുടെ അവസ്ഥയിൽ യാതൊരു മാറ്റവും ഉണ്ടായിട്ടില്ല. മനുഷ്യത്വപരമായി സ്ത്രീകളുടെ പൊതുസ്ഥിതി പരിശോധിക്കാൻ തയാറാകുന്നില്ല. നിർഭയ സംഭവത്തിനു ശേഷം സ്ത്രീകൾക്ക് എതിരെയുള്ള അതിക്രമം എങ്ങനെ തടയാമെന്നതിനെകുറിച്ച് പഠിക്കാൻ സർക്കാർ ജസ്റ്റിസ് വർമ കമ്മിറ്റിയെ നിയമിച്ചു. കമ്മറ്റിയുടെ പ്രധാനപ്പെട്ട നിർദേശങ്ങളായിരുന്നു സ്ത്രീകളുമായി ബന്ധപ്പെട്ട നിയമങ്ങളിൽ മാറ്റം വരുത്തുക, സമൂഹത്തിൽ സ്ത്രീ സുരക്ഷിതത്വം ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കുന്ന സ്ഥാപന സംവിധാനം ഉണ്ടാക്കുക തുടങ്ങിയവയാണ്. നിർഭാഗ്യകരമെന്നു പറയട്ടെ കഴിഞ്ഞ അഞ്ച് വർഷക്കാലമായി നിർദേശങ്ങൾ നടപ്പാക്കാൻ യാതൊരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല.

തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന ലൈംഗിക പീഡനം ഗൗരവമേറിയ പ്രശ്നമാണ് ഇത് കൂടാതെ സ്ത്രീകൾ നേരിടുന്ന നിരവധി ശാരീരിക- മാനസിക ആരോഗ്യ പ്രശ്നങ്ങളും അവഗണിക്കുകയാണ്. തൊഴിലിടങ്ങളിലെ ലൈംഗിക പീഡനം തടയുന്നതിനുള്ള നിയമം രാജ്യത്ത് നിലവിൽ വന്നിട്ട് അഞ്ച് വർഷങ്ങൾ കഴിഞ്ഞെങ്കിലും ഇതുവരെ സർക്കാർ മേഖലയിൽ പോലും നടപ്പാക്കിയിട്ടില്ല. തീരുമാനങ്ങൾ എടുക്കുന്ന സ്ഥാപനങ്ങളിൽ സ്ത്രീകൾക്കുള്ള പ്രാതിനിധ്യം. നിയമ നിർമാണ സഭകളിൽ സ്ത്രീകൾക്ക് 33 ശതമാനം സംവരണം ഏർപ്പെടുത്തുക

1992 ലാണ് പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 33 ശതമാനം സംവരണം ലഭിച്ചത്. 10 ലക്ഷത്തോളം സ്ത്രീകൾ ഇന്ന് ത്രിതല പഞ്ചായത്തു സ്ഥാപനങ്ങളിലൂടെ അവരുടെ ചുമതലകൾ കാര്യക്ഷമമായി നിറവേറ്റുന്നത്. അവരുടെ നേതൃശേഷിയുടെ വിജയഗാഥകൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് കേൾക്കുന്നു. മതത്തിന്റെയും, ജാതിയുടെയും വേലിക്കെട്ടുകൾ തകർത്ത് സ്ത്രീ ശാക്തീകരണത്തിലൂടെ അവരുടെ ജീവിതത്തിലും ജീവനോപാധിയിലും വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞു. കഴിവുള്ള വനിതകൾ അതിന് നേതൃപ

രമായ പങ്കാണ് വഹിച്ചത്. ജനസംഖ്യയുടെ പകുതിയോളം വരുന്ന വനിതകളെ കൂടി തീരുമാനമെടുക്കുന്ന സ്ഥാപനങ്ങളിൽ ഉൾക്കൊള്ളുമ്പോൾ മാത്രമേ ജനാധിപത്യം അർത്ഥപൂർണമാകുകയുള്ളൂ.

പ്രാദേശിക ഭരണസംവിധാനങ്ങളിൽ വനിതകൾക്ക് പ്രാതിനിധ്യം നൽകിയതിന്റെ വിജയം ഉൾക്കൊണ്ടാണ് നിയമസഭകളിലും പാർലമെന്റിലും പര്യാപ്തമായ പ്രാതിനിധ്യം അവർക്ക് നൽകണമെന്ന് പറയുന്നത്. ഇന്നും അതൊരു വിദൂര സ്വപ്നമായി ഇന്ത്യയിൽ അവശേഷിക്കുന്നു. 2010 മാർച്ച് 9 ന് രാജ്യസഭ ഇതിനുവേണ്ടിയുള്ള ബിൽ പാസാക്കിയതാണ്. ഇടതുപക്ഷം പരിപൂർണ പിന്തുണ നൽകിയിട്ടും അഭിപ്രായ ഐക്യം ഉണ്ടായില്ലെന്ന കാരണം പറഞ്ഞ് യുപിഎ സർക്കാർ 2014 ൽ അവരുടെ കാലാവധി അവസാനിക്കുംവരെ ലോക്സഭയിൽ ബിൽ അവതരിപ്പിച്ചില്ല. പ്രതിപക്ഷ നിരയിലെ തന്നെ ചില നേതാക്കളും രാഷ്ട്രീയ പാർടികളും ബില്ലിനെ എതിർത്തിരുന്നു.

മുഖ്യധാര രാഷ്ട്രീയ പാർടികളായ കോൺഗ്രസും ബിജെപിയും വനിതാ സംവരണ ബിൽ നടപ്പാക്കുമെന്ന് വാഗ്ദാനം ചെയ്തെങ്കിലും അതിനാവശ്യമായ യാതൊരു നടപടികളും ബിജെപി സർക്കാർ സ്വീകരിച്ചില്ല. രാജ്യത്തിന്റെ വിലയേറിയ പൊതുസമ്പത്ത് വില്പന നടത്തുന്നതിൽ ഇവർക്കിടയിൽ അഭിപ്രായ ഐക്യമുണ്ട്. സമൂഹത്തിലെ അടിച്ചമർത്തപെട്ട ഒരു വിഭാഗത്തെ ജനാധിപത്യത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ അർഥപൂർണമായ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. തീരുമാനമെടുക്കുന്ന സ്ഥാപനങ്ങളിൽ സ്ത്രീ പ്രാതിനിധ്യം കിട്ടിയതു കൊണ്ട് മാത്രം സ്ത്രീ ശാക്തീകരണം ഉറപ്പുവരുത്താൻ കഴിയില്ലെങ്കിലും അത് ജനാധിപത്യത്തെ കൂടുതൽ ശക്തിപ്പെടുത്താൻ സഹായിക്കും.

**ആവശ്യങ്ങൾ**

- അംഗൻവാടി, ആശ, ഉച്ചഭക്ഷണം തുടങ്ങി വിവിധ സ്കീമുകളിൽ തൊഴിലെടുക്കുന്നവരെ തൊഴിലാളികളായി അംഗീകരിക്കുകയും കുറഞ്ഞ വേതനം പ്രതിമാസം 18,000 രൂപ നൽകണം. സാമൂഹിക സുരക്ഷ പെൻഷൻ ഇനത്തിൽ പ്രതിമാസം 6000 രൂപയെങ്കിലും കുറഞ്ഞത് നൽകണം.
- സ്ത്രീ തൊഴിലാളികൾക്ക് തുല്യ വേതനം നൽകുക
- വേതനമില്ലാതെ തൊഴിലെടുക്കുന്ന സ്ത്രീകൾ പ്രത്യേകിച്ച് പരിചരണ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ അധ്വാനം കൂടി ദേശീയ വരുമാനം കണക്കാക്കുമ്പോൾ അതിൽ ഉൾപെടുത്തണം.
- കുട്ടികളെയും പ്രായമായവരെയും സംരക്ഷിക്കുന്നതിനും പരിചരിക്കുന്നതിനും ആവശ്യമായ സ്ഥാപന സംവിധാനങ്ങൾ ഉണ്ടാക്കുകയും അവിടെ സ്ത്രീ തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പു വരുത്തണം. അംഗൻവാടികളോടൊപ്പം ക്രഷേ യൂണിറ്റുകൾ കൂടി തുടങ്ങണം.
- കുട്ടികൾക്കും സ്ത്രീകൾക്കും എതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കാൻ വർമ കമ്മിറ്റിയുടെ ശുപാർശ അനുസരിച്ചുള്ള ശക്തമായ നടപടികൾ സ്വീകരിക്കണം. നിയമപരവും ഭരണപരവുമായ കാര്യങ്ങൾ സമയബന്ധതമായി പൂർത്തിയാക്കണം. ഇത് നടപ്പാക്കുന്നുവെന്ന് കേന്ദ്ര- സംസ്ഥാന സർക്കാരുകൾ ഉറപ്പുവരുത്തണം. സാമൂഹിക ബോധവത്കരണവും, സ്ത്രീ സുരക്ഷിതത്വവും ലിംഗസമത്വം ഉറപ്പുവരുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തണം.
- തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗിക അതിക്രമം തടയുന്നതിനു വേണ്ടി കൊണ്ടു വന്ന നിയമം ശക്തമായി നടപ്പാക്കണം. പരാതി പരിഹാര കമ്മറ്റികൾ രൂപീകരിക്കു

കയും നിയമം നടപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്ക് എതിരെ ശക്തമായ നടപടികൾ സ്വീകരിക്കണം.

- ജനാധിപത്യം അർത്ഥപൂർണമാകണമെങ്കിൽ വനിതകൾക്ക് പാർലമെന്റിലും നിയമസഭകളിലും അർഹമായ പ്രാതിനിധ്യം ഉറപ്പു വരുത്തണം.